എം ഇസഡ്/834/2024-എഫ്

മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി :

## ഇ ടെൻഡർ നോട്ടീസ്

മ്യൂസിയം മൃഗശാലാ വകുപ്പിൻ്റെ തിരുവനന്തപുരം മ്യൂസിയം വളപ്പിലെ കാർ പാർക്കിംഗ് ഭാഗത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള 4 ടോയ്‌ലെറ്റുകളുടെയും, മൃഗശാലയ്ക്കുകത്തു സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു സ്മാർട്ട് ഷീ ടോയ്‌ലെറ്റിന്റെയും,തൃശൂർ മൃഗശാലയിലെ 2 ഇ ടോയ്‌ലറ്റുകളുടെയും, വയനാട് കുങ്കിച്ചിറ മ്യൂസിയത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 2 ഇ ടോയ്‌ലെറ്റുകൾ എന്നിവ റീ വാമ്പ് നടത്തി ഇ-ടോയ് ലറ്റുകളുടെ വാർഷിക പരിപാലനം 1/04/2026 മുതൽ 31/3/2027വരെ നടത്തുന്നതിനു ഇ ടോയ്‌ലറ്റുകളുടെ വാർഷിക പരിപാലനം (സർവ്വീസിംഗ്) നടത്തി പരിചയമുള്ള സ്ഥാപനങ്ങളിൽ നിന്നും ദർഘാസ് ക്ഷണിക്കുന്നു.

<u>വാർഷിക മെയിൻ്റെനൻസിൻ്റെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.</u>

1. AMC കാലാവധിയിൽ മെഷിനു വരുന്ന എല്ലാവിധ സാങ്കേതിക തകരാറുകളും സ്പെയർ പാർട്ട്സ് തകരാറുകളും, ഇൻഷുറൻസും സ്ഥാപനത്തിന്റെ ചെലവിൽ ചെയ്തു തരേണ്ടതാണ്.
2. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന എല്ലാവിധ കേടുപാടുകളും ഇൻഷുറൻസിൽ ഉൾപ്പെടേണ്ടതാണ്.
3. പരാതികൾക്കും സംശയങ്ങൾക്കും വേണ്ടി വിളിക്കാവുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെല്പ് ലൈൻ നമ്പർ ഉണ്ടായിരിക്കേണ്ടതാണ്.
4. മൈനർ പരാതികൾ 24 മണിക്കൂറിനുള്ളിൽ പരിഹരിക്കേണ്ടതാണ്.
5. എഗ്രിമെൻ്റ് കാലാവധി ഒരു വർഷത്തേക്കാണ്.
6. വാർഷിക പരിപാലന കാലയളവിൽ സർവ്വീസ് എഞ്ചിനിയറുടെ സേവനം ഉണ്ടായിരിക്കേണ്ടതാണ്.
7. ഇ ടോയ്‌ലറ്റുകൾ റീ വാമ്പ് ചെയ്യേണ്ടതാണ്

ദർഘാസ് സമർപ്പിക്കുന്ന കവറിനു പുറത്ത് തിരുവനന്തപുരം മ്യൂസിയം വളപ്പിലെ കാർ പാർക്കിംഗ് ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ഇ-ടോയ് ലറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ദർഘാസ് എന്നു രേഖപ്പെടുത്തേണ്ടതാണ്.ദർഘാസുകൾ മ്യൂസിയം മൃഗശാലാ ഡയറക്ടറുടെ പേരിൽ 19/03/2026 നു 3:00 മണിക്കു മുൻപായി സമർപ്പിക്കേണ്ടതാണ്.

ദർഘാസ് സമർപ്പിച്ചവരുടെയോ,അവർ ചുമതലപ്പെടുത്തുന്നവരുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ **21/03/2026 11:00AM** മണിക്കു മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് തുറക്കുന്നതായിരിക്കും.അടങ്കൽ തുക **₹10,70,000/-**(ആകെ പത്തുലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)ദർഘാസ് ഫാറത്തിൻറെ വില **₹1500/-** രൂപയാണ് നിരതദ്രവ്യമായി **₹26,750/-** രൂപ ഡയറക്ടറുടെ പേരിൽ ഒടുക്കേണ്ടതാണ്.നിരതദ്രവ്യ തുകയും ടെൻഡർ ഫാറത്തിന്റെ വിലയും ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.മതിയായ നിരതദ്രവ്യത്തുകയില്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്.വൈകിലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.ദർഘാസ് തുറക്കുന്ന ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറക്കുന്നതായിരിക്കും.സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാകുന്നതാണ്.ദർഘാസുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം മ്യൂസിയം മൃഗശാലാ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.ദർഘാസിനെ കുറിച്ചുള്ള വിവരങ്ങൾ മ്യൂസിയം മൃഗശാല ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടും **0471-2316275** നമ്പരായ ഫോൺ മുഖേനയും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

ഡയറക്ടർ

Digitally signed by
Manjuladevi P S
Date: 05-03-2026
14:35:35

1. നോട്ടീസ് ബോർഡ്
2. വെബ്സൈറ്റ്